LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തൈറോയ്ഡ് രോഗം

78 (4362) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് തൈറോയ്ഡ് രോഗം നിയന്ത്രണാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ രോഗം പടർന്നു പിടിക്കുന്നതിനുള്ള കാര്യകാരണങ്ങൾ വിശദീകരിക്കാമോ ;

(സി) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) ഇതിനകം സംസ്ഥാനത്ത് തൈറോയ്ഡ് രോഗം കണ്ടെത്തിയ എത്രപേർ സർക്കാർ - സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അയോഡിന്റെ കുറവുമൂലവും തൈറോയ്ഡ് ഗ്രന്ഥിക്കെതിരെയുള്ള ശരീരത്തിന്റെ പ്രതിപ്രവർത്തനംമൂലവുമാണ് രോഗം കൂടുതലായി കണ്ടുവരുന്നത്.

(സി) ഉണ്ട്. സ.ഉ.(സാധാ)നമ്പർ 2879/2013/ആകുവ തീയതി 17-8-2013 പ്രകാരം 4 ജില്ലകളിൽ ഗോയിറ്റർ സർവ്വേ നടത്തുന്നതിന് രണ്ടുലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ഡി) തൈറോയ്ഡ് രോഗം കണ്ടെത്തിയ എത്രപേർ സർക്കാർ-സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചുവെന്നത് സംബന്ധിച്ച കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

നഴ്സുമാരുടെ സ്ഥാനക്കയറ്റത്തിനുള്ള അനുപാതം

79 (4363) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ സ്ഥാനക്കയറ്റത്തിനുള്ള അനുപാതം പുനർനിർണ്ണയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ അനുപാതം ഏത് രീതിയിലാണ് നിശ്ചയിക്കപ്പെട്ടത് ;

(സി) പല സർക്കാർ ആശുപത്രികളിലും നഴ്സിംഗ് സ്റ്റാഫിന്റെ കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;